
INTERNATIONAL
CONGRESS ON
KERALA STUDIES

അഞ്ചാമത് അന്താരാഷ്ട്ര
കേരളപഠന കോൺഗ്രസിന്റെ
മുന്നോടിയായി

## ദ്വിദിന സെമിനാർ

# കേരളത്തിന്റെ ധനകാര്യ സ്ഥിതി



**2023 ജൂലൈ 22-23**

ഇ.എം.എസ് അക്കാദമി, തിരുവനന്തപുരം

**എ.കെ.ജി. പഠനഗവേഷണകേന്ദ്രം**

**കാട്ടായിക്കോണം വി ശ്രീധർ പഠനഗവേഷണ കേന്ദ്രം**

**തിരുവനന്തപുരം**

പ്രിയ സുഹൃത്തെ, 15.05.2023

**എകെജി** പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ പൊതു ധനകാര്യ പ്രശ്നങ്ങളെക്കുറിച്ചും സുസ്ഥിര ധനസ്ഥിതിക്കായി സ്വീകരിക്കേണ്ട നയങ്ങൾ എന്തൊക്കെയാവണമെന്നതിനെപ്പറ്റിയും വിശദമായ ചർച്ചകൾക്ക് വേദി ഒരുക്കുന്ന ദ്വിദിന സെമിനാർ 2023 ജൂലൈ 22-23 തീയതികളിൽ തിരുവനന്തപുരത്തെ ഇഎംഎസ് അക്കാദമിയിൽ സംഘടിപ്പിക്കുകയാണ്.

എകെജി പഠന ഗവേഷണ കേന്ദ്രം നടത്തുന്ന 5-ാമത് അന്താരാഷ്ട്ര പഠന കോൺഗ്രസ്സിന്റെ ഭാഗമാണ് ഈ സെമിനാർ. കാട്ടായിക്കോണം വി ശ്രീധർ പഠന ഗവേഷണ കേന്ദ്രവും കൂടി ചേർന്ന് സംയുക്തമായാണ് ധനകാര്യ സ്ഥിതിയെക്കുറിച്ചുള്ള സെമിനാർ സംഘടിപ്പിക്കുന്നത്.

കേരളത്തിന്റെ പൊതുധനകാര്യ പ്രശ്നങ്ങളുടെ ചർച്ച തുടങ്ങേണ്ടത് നിലവിലെ കേന്ദ്ര-സംസ്ഥാന ധനകാര്യബന്ധങ്ങള അപഗ്രഥിച്ചുകൊണ്ടും അവയിൽ സമീപ ഭാവിയിൽ പ്രകടമാകുന്ന പ്രവണതകളെ വിലയിരുത്തി കൊണ്ടുമാവണം. ഈ മേഖലയിലെ പ്രമുഖർ നയിക്കുന്ന ചർച്ചയോടെയാണ് സെമിനാറിന് തുടക്കം കുറിക്കുന്നത്.

തുടർന്ന് കേരളത്തിന്റെ തനത് വിഭവ സമാഹരണം [നികുതി, നികുതിയേതര മേഖലകൾ വേർതിരിച്ച്], വികസന വികസനേതര ചെലവുകളിലെ പ്രവണതകൾ, ക്രമീകരണത്തിന്റെ ആവശ്യകത, സുസ്ഥിര കടബാധ്യത കൈവരിക്കൽ, പശ്ചാത്തല സൗകര്യവികസനത്തിനായുള്ള സംസ്ഥാനതല വിഭവ സമാഹരണ ഉദ്യമങ്ങൾ [കിഫ്ബി മാതൃക] നേരിടുന്ന പ്രതിബന്ധങ്ങൾ, വികസന പദ്ധതികൾക്കായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായ ലഭ്യത എന്നീ വിഷയങ്ങളിൽ സമാന്തര സെഷനുകൾ ഉണ്ടായിരിക്കുന്നതാണ്.

വരാൻ പോകുന്ന പതിനാറാം കേന്ദ്ര ധനകാര്യകമ്മീഷനു മുമ്പാകെ സംസ്ഥാനങ്ങൾ പൊതുവിലും കേരളം പ്രത്യേകിച്ചും സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ചുള്ള ചർച്ചയോടെയായിരിക്കും സെമിനാർ സമാപിക്കുക. ഇതിൽ തദ്ദേശ സർക്കാരുകൾക്കുള്ള ധനവിഹിത നിർണ്ണയത്തെക്കുറിച്ചും അഭിപ്രായ രൂപീകരണം നടക്കും.

ഈ സെമിനാറിന്റെ നടത്തിപ്പിനായി ആർ. മോഹൻ ചെയർമാനും എൽ. അനിത കുമാരി കൺവീനറും ആയി ഒരു 30 അംഗ അക്കാദമിക് കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ട്.

അക്കാദമിക് കമ്മിറ്റിയുടെ ഔപചാരിക യോഗത്തിനുശേഷം വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

ഇതൊരു തുറന്ന സെമിനാറാണ്. ഏതൊരാൾക്കും താല്പര്യമുള്ള മേഖലയിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ സൗകര്യമുണ്ടാകും. അക്കാദമിക് കമ്മിറ്റിക്ക് പ്രബന്ധങ്ങളുടെ അക്കാദമിക് യോഗ്യത പരിശോധിക്കാൻ അവകാശമുണ്ടാകും. കഴിയുന്നത്ര വ്യത്യസ്ത അഭിപ്രായങ്ങൾ ഉൾച്ചേർക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

പ്രബന്ധാവതാരകർ ജൂൺ 20-നു മുമ്പ് 200-300 വാക്കുകളുടെ സംഗ്രഹം സമർപ്പിക്കേണ്ടതാണ്. ജൂലൈ 10-നു മുമ്പ് പ്രബന്ധങ്ങളുടെ പൂർണ്ണരൂപവും ലഭ്യമാക്കണം. പ്രബന്ധങ്ങളുടെ പൂർണ്ണരൂപം പഠന കോൺഗ്രസിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. സംഗ്രഹങ്ങളും മുഖ്യപ്രഭാഷണങ്ങളും അച്ചടിച്ചു ലഭ്യമാക്കും.

രണ്ട് ദിവസത്തെ സെമിനാറിന് 500/- രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിദ്യാർത്ഥികൾക്കു 250/- രൂപ, സ്ഥാപനങ്ങൾക്കു 2000/- രൂപ. ഒരോ സ്ഥാപനത്തിൽ നിന്നും മൂന്നുപേർക്കു വരെ പങ്കെടുക്കാം. പ്രബന്ധാവതാരകർക്കും പ്രത്യേക ക്ഷണിതാക്കൾക്കും ഫീസ് ഒഴിവാക്കുന്നതാണ്. താമസം, ഭക്ഷണം, അച്ചടിച്ച പ്രബന്ധങ്ങൾ അടങ്ങിയ കിറ്റ് എന്നിവ ലഭ്യമാക്കുന്നതാണ്.

നൂറോളം അവതരണങ്ങളാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് സ്വാഭാവികമായും പല സമ്മേളനങ്ങൾ സമാന്തരമായിട്ടാണ് നടക്കുക.

സെമിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി **https://akgcentre.in** എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഈ സെമിനാറിൽ പങ്കെടുക്കുന്നതിന് താങ്കളെ സാദരം ക്ഷണിക്കുന്നു.

**എസ്. രാമചന്ദ്രൻ പിള്ള**
ചെയർമാൻ

**ഡോ. റ്റി.എം. തോമസ് ഐസക്ക്**
സെക്രട്ടറി

**പഠനകോൺഗ്രസ്സ് അക്കാദമികസമിതി**

**ആർ. മോഹൻ**
ചെയർമാൻ

**എൽ. അനിതകുമാരി**
കൺവീനർ

**സെമിനാർ അക്കാദമികസമിതി – കേരളത്തിന്റെ ധനസ്ഥിതി**



Following are the themes for the seminar sessions for which academic papers are invited. Anyone interested may register at info@akgcentre.in or contact academic committee chairman R. Mohan (prakri@gmail.com) or convenor L. Anitha Kumary (anithagift@gmail.com).

- **Union - State Fiscal Relations - Trends and Current Issues**
- **Revenue Mobilisation in Kerala - Long Run Trend**
- **Government Expenditure in Kerala**
- **GST - Problems and Prospects**
- **Resource Mobilization from Other Taxes**
- **Non-Tax Revenue Mobilisation - Potential and Problems**
- **Debt Sustainability and Related Issues**
- **Issues in Devolution to Local Governments**
- **Financing Development - Role of Banks and Other Financial Institutions**
- **Issues in Infrastructural financing - KIIFB Experience**
- **Kerala's Approach Towards 16th Finance Commission**

## സമയക്രമം

- പ്രബന്ധം അവതരിപ്പിക്കാൻ താൽപ്പര്യപ്പെടുന്നവർ 2023 ജൂൺ 20-നകം സംഗ്രഹം സമർപ്പിക്കണം.
- വിശദമായ പ്രബന്ധം 2023 ജൂലൈ 10-നകം സംഘാടകസമിതിക്കു ലഭ്യമാക്കണം.

ഇമെയിൽ: **info@akgcentre.in**
**L. Anitha Kumary**: anithagift@gmail.com ◆ **94955 11136**
വെബ്സൈറ്റ്: **www.akgcentre.in**